# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **962** 10.06.2019 -ലെ മറുപടി

## കടൽഭിത്തികളുടെ പുനർനിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | **കെ.കൃഷ്ണൻ കുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഓഖി ദുരന്തത്തെത്തുടർന്ന് ആലപ്പാട് ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ശക്തമായ തിരമാലകളാൽ കടൽഭിത്തി തകർന്ന് കരഭാഗം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) തകർന്ന സംരക്ഷണഭിത്തികൾ പുനർ നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ;<br><br>(സി) തകർന്ന കടൽഭിത്തി പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ എത്രയും വേഗം നടപ്പിലാക്കുമോ; വിശദീകരിക്കുമോ? | (ബി) യും (സി) യും ഉണ്ട്. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആലപ്പാട് ഗ്രാമപഞ്ചായത്തിലെ കടൽഭിത്തി പുനർനിർമ്മാണത്തിനായി നാല് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. (പട്ടിക അനുബന്ധമായി ചേർക്കുന്നു). ടി പ്രവൃത്തികൾ മുൻഗണനാക്രമം അനുസരിച്ച് തയ്യാറാക്കുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ആലപ്പാട് പഞ്ചായത്തിൽ വെള്ളാനതുരുത്തിൽ IRE യുടെ ഫണ്ട് ഉപയോഗിച്ചുള്ള പുലിമുട്ടുകളുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. ആലപ്പാട് പഞ്ചായത്തിന്റെ തെക്കുഭാഗത്തായി പന്മന പഞ്ചായത്തിൽ KMML ന്റെ ഫണ്ട് ഉപയോഗിച്ച് നാലു പുലിമുട്ടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഉദ്ദേശ എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ആലപ്പാട് പഞ്ചായത്തിൽ ചെറിയഴിക്കൽ സി.പി.സ്റ്റോൺ 447 കി.മീറ്ററിനും തെക്ക് മാറി 250 മീറ്റർ നീളത്തിൽ നാശ നഷ്ടം സംഭവിച്ച കടൽ ഭിത്തിയുടെ പുനരുദ്ധാരണം | 98.00 ലക്ഷം |
| 2 | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ആലപ്പാട് പഞ്ചായത്തിൽ ചെറിയഴീക്കൽ സി.പി.സ്റ്റോൺ 452 മീറ്ററിൽ 75 മീറ്റർ തെക്കും സി.പി. സ്റ്റോൺ 452 മീറ്ററിൽ 75 മീറ്റർ വടക്കും മദ്ധ്യേ 150 മീറ്റർ നീളത്തിൽ നാശ നഷ്ടം സംഭവിച്ച കടൽ ഭിത്തിയുടെ പുനരുദ്ധാരണം | 55.00 ലക്ഷം |
| 3 | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ആലപ്പാട് പഞ്ചായത്തിൽ പാരതുരുത്തിൽ സി.പി.സ്റ്റോൺ 440 മീറ്ററിൽ 150 മീറ്റർ നീളത്തിൽ നാശ നഷ്ടം സംഭവിച്ച കടൽ ഭിത്തിയുടെ പുനരുദ്ധാരണം | 55.00 ലക്ഷം |
| 4 | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ആലപ്പാട് പഞ്ചായത്തിൽ ചെറിയഴീക്കലിലെ സി.പി.സ്റ്റോൺ 445 മീറ്ററിന് 280 മീറ്റർ തെക്ക് മുതൽ സി.പി. സ്റ്റോൺ 445 മീറ്ററിന് 100 മീറ്റർ വടക്ക് വരെ 380 മീറ്റർ നീളത്തിൽ നാശ നഷ്ടം സംഭവിച്ച കടൽ ഭിത്തിയുടെ പുനരുദ്ധാരണം | 155.00 ലക്ഷം |

സെക്ഷൻ ഓഫീസർ